**ശ്രദ്ധക്ഷണിക്കൽ**

(1) <u>പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

(<u>ശ്രീ. സി. കൃഷ്ണൻ</u>): സർ, കേരളം പരമ്പരാഗത വ്യവസായങ്ങളുടെ നാടാണ്. അസംഘടിത മേഖലയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് മുഖ്യമായ പങ്കുണ്ട്. കയർ, കശുവണ്ടി, മത്സ്യബന്ധനം, ഖാദി, കൈത്തറി, കള്ളുചെത്ത്, ബീഡി, ഇറ്റ, പനമ്പ്, ആർട്ടിസാൻസ് എന്നിവ പരമ്പരാഗത വ്യവസായങ്ങളായാണ് കണക്കാക്കപ്പെടുന്നത്. 15 ലക്ഷത്തിൽപരം തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിതമാണ് പരമ്പരാഗത വ്യവസായങ്ങൾ. സാമ്പത്തികമായും സാമൂഹ്യമായും ഏറ്റവും പിന്നണിയിൽ കഴിയുന്ന ഒരു വിഭാഗമാണിത്. ഒരു കാലഘട്ടത്തിൽ 60 ലക്ഷത്തിൽപരം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്തിരുന്നു. എല്ലാം കമ്പോളശക്തികൾക്ക് വിധേയമാക്കുന്ന നവഉദാരവൽക്കരണനയം വിവിധ രൂപത്തിൽ ഈ വ്യവസായങ്ങളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ മേഖലയിൽ തൊഴിലും കൂലിയും ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികളുണ്ടാകണം. വ്യവസായങ്ങളുടെ

നിലനിൽപ്പിന് നവീകരണ പദ്ധതികൾ അനിവാര്യമാണ്. മിനിമം കൂലി 500 രൂപയായി ഉയർത്തണം.  തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പുനരധിവാസവും ആശ്വാസ പദ്ധതികളും ഉണ്ടാകണം. പരമ്പരാഗത വ്യവസായങ്ങളിലെ ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യണം. വലിയ പ്രതീക്ഷയോടുകൂടിയാണ് പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ ഈ സർക്കാരിനെ നോക്കിക്കാണുന്നത്. പരമ്പരാഗത വ്യവസായങ്ങൾക്ക് ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനമായിരുന്നു. ഇത് പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന കൈത്തറി, കയർ, കശുവണ്ടി, തുടങ്ങിയവയെല്ലാം തന്നെ തികച്ചും പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങളാണ്. നമ്മുടെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഈ വ്യവസായങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇതിന് ഏറെ പ്രാധാന്യമുണ്ട്.  ഇക്കാര്യത്തിൽ അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതോടുകൂടി തൊഴിൽ മേഖലയ്ക്ക് പ്രത്യേക സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.  പരമ്പരാഗത

വ്യവസായ മേഖലയിലെ തൊളിലാളികൾ അതീവ താൽപ്പര്യത്തോടുകൂടിയാണ് ഇക്കാര്യങ്ങളെല്ലാം നോക്കി കാണുന്നത്. ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ പ്രത്യേക നടപടികൾ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

<u>പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. ആ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ മുൻഗണനയാണ് ഈ സർക്കാർ നൽകുന്നത്. പരമ്പരാഗത വ്യവസായങ്ങൾ ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനും അവയെ ആധുനികവൽക്കരണത്തിലൂടെയും വൈവിധ്യവൽക്കണരത്തിലൂടെയും സംരക്ഷിക്കുന്നതിനുമുള്ള ക്രിയാത്മകമായ നടപടികളാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. കൈത്തറി മേഖലയിൽ ഉൽപ്പാദന രീതികളുടെ നവീകരണവും വൈവിധ്യവൽക്കരണവും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പുന:സംഘടന സമയബന്ധിതമായി പൂർത്തിയാക്കും. കൈത്തറി മേഖലയിൽ വേതന വർദ്ധനവ് നടപ്പാക്കിയിട്ടുണ്ട്. റിബേറ്റ് പുന:സ്ഥാപിക്കും. സ്കൂൾ

കുട്ടികൾക്ക് യൂണിഫോമിന് കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന തീരുമാനം ഈ രംഗത്തെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമാകും. കശുവണ്ടി മേഖല പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കശുവണ്ടി കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനികവൽക്കരിക്കുന്നതിന് കിഫ്ബിയിൽനിന്നും 100 കോടി രൂപ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോർപ്പറേഷൻ വിവിധ ബാങ്കുകളിൽനിന്ന് എടുത്ത വായ്പയ്ക്ക് ഗ്യാരണ്ടി നൽകിക്കൊണ്ട് പുതിയ വായ്പ എടുക്കുന്നതിന് കോർപ്പറേഷനെ പ്രാപ്തമാക്കുന്നതാണ്. കയർ മേഖലയെ തകർച്ചയിൽനിന്ന് സംരക്ഷിക്കുന്നതിന് കയർ പുനഃസംഘടനാ സ്കീമിന് രൂപം നൽകും. തൊണ്ട് സംഭരിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കും. യന്ത്രവൽക്കരണം നടപ്പാക്കും. ആധുനിക ഡീഫൈബറിംഗ് യന്ത്രങ്ങൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് യന്ത്രങ്ങൾ, ടെഫ്റ്റിംഗ് തുടങ്ങിയ യന്ത്രസംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും. വിപണി സാധ്യതകൾ വർദ്ധിപ്പിക്കും. കയർ ജിയോടെക്സ്റ്റൈലിനെ നിർമ്മാണ സാമഗ്രിയായി

ഉപയോഗപ്പെടുത്തും. കരകൗശല വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ബാംബൂ കോർപ്പറേഷൻ, സുരഭി, കെൽപാം എന്നിവയുടെ വൈവിധ്യവൽക്കരണത്തിനും പുനരുദ്ധാരണത്തിനുമായി മുൻകൈയെടുക്കും. കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തൊഴിലാളികൾക്കായി ആശാ പദ്ധതി നടപ്പിലാക്കിവരുന്നു. കേരളാ ഹാൻഡീക്രാഫ്റ്റിന് ബ്രാന്റിംഗ് ഏർപ്പെടുത്തും. ഖാദി മേഖലയിൽ പുതിയ വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം, പുതിയ ചർക്കകളും തറികളും സ്ഥാപിക്കൽ, ഖാദിത്തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവും ഉൽസവബത്തയും നൽകൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിൽ ഭാഗിക യന്ത്രവൽക്കരണം നടപ്പാക്കുന്നതാണ്. വിപണനത്തിന് വിപുലമായ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കും. യന്ത്രവൽകൃത പനമ്പ് നെയ്ത്തുകേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവയാണ് ഈറ്റ, പനമ്പ് മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ. ബീഡി, ചുരുട്ട് തൊഴിലാളികൾക്കുള്ള പ്രത്യേക സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി

വിപുലപ്പെടുത്തും. തൊഴിൽ നഷ്ടപ്പെട്ട ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക നൽകും. അധിക നികുതിയില്ലാതാക്കുന്നതിന് നടപടി സ്വീകരിക്കും. ദിനേശ് ബീഡി തൊഴിലാളികളുടെ സഹകരണ സംഘം അടച്ച വാറ്റ് തിരിച്ച് നൽകും. ഈ രീതിയിൽ കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. കൃഷ്ണൻ: സർ, കേരളത്തിന്റെ പരമ്പരാഗത വൃക്ഷമാണ് തെങ്ങ്. തെങ്ങിനെ ആസ്പദമാക്കിയാണ് പരമ്പരാഗത വ്യവസായമായ കള്ളുചെത്ത് മേഖല നിലനിൽക്കുന്നത്. അത് ഇന്ന് നശിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. കള്ളുചെത്ത് മേഖലയെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുവേണ്ടി നൂതനമായ പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നമാണ് തേങ്ങ. അതിന്റെ സംരക്ഷണത്തിന്റെ ഭാഗമായുള്ള കാര്യങ്ങളാണ് ഇതിലൂടെ ഉയർന്നുവരുന്നത്. അതിനുതകുന്ന ഒട്ടേറെ നടപടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്.

## (2) കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ്: സർ, ആസിയാൻ സ്വതന്ത്ര വ്യാപാരകരാറും റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് എഗ്രിമെന്റും (RCEP) നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിക്കാൻ പോകുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാരകരാറുള്ള ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ പുതിയതായി രൂപീകരിക്കുന്ന ആർ.സി.ഇ.പി സ്വതന്ത്ര വ്യാപാരകരാർ നിലവിൽ വരുന്നതോടെ ഭാരതത്തിന്റെ, പ്രത്യേകിച്ചും കേരളത്തിന്റെ രാഷ്ട്രീയമേഖല ഗുരുതരമായ പ്രതിസന്ധിയിലേക്ക് വരികയാണ്. ഈ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികമേഖലയുടെ നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന സ്ഥിതി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന ആവശ്യമാണ് മുഖ്യമായി ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് വളരെയേറെ പരിമിതികളുണ്ട്. പക്ഷേ ഒരു കാർഷിക

സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സമ്പദ്ഘടന തന്നെ തകർക്കപ്പെടുന്ന ഗുരുതരമായ സ്ഥിതിയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഈ എഗ്രിമെന്റിലേക്ക് വരുന്നതിനെത്തുടർന്ന്, ഇപ്പോൾ ആസിയാൻ ഉച്ചകോടി മുതൽ ആരംഭിച്ച ചർച്ചകൾ പിന്നീട് നിർത്തിവച്ചു. പുതിയ ആർ.സി.ഇ.പി. എഗ്രിമെന്റിനുവേണ്ടിയുള്ള ചർച്ചകൾ കേന്ദ്രഗവൺമെന്റ് ഇപ്പോൾ വീണ്ടും സജീവമാക്കിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി വരുന്നത് ഇറക്കുമതിയുമായി ബന്ധപ്പെട്ടാണ്. കേരളത്തിന്റെ എല്ലാ കാർഷിക വിഭവങ്ങളെയും കാർഷിക വിളകളെയും പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ കേന്ദ്രഗവൺമെന്റ് ഇറക്കുമതിക്ക് വീണ്ടും അനുവാദം കൊടുക്കുന്ന സ്ഥിതിയാണ് ഇവിടെയുണ്ടാകാൻ പോകുന്നത്. ഏറ്റവും ഗുരുതരമായ സ്ഥിതിയുണ്ടാകാൻ പോകുന്നത് റബ്ബറിനാണ്. റബ്ബറിന്റെ വിലയിടിവ് കേരളത്തിൽ മുഖ്യപ്രശ്നമായി നിൽക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബറുല്പാദനം നടക്കുന്ന ഈ കാലഘട്ടത്തിലും യാതൊരു ന്യായവുമില്ലാതെ കേന്ദ്രഗവൺമെന്റ് റബ്ബർ ഇറക്കുമതി നടത്തിക്കൊണ്ടിരിക്കുന്നുവെന്നത് ഗൗരവമായി കാണേണ്ടതുണ്ട്. ഇറക്കുമതി നിയന്ത്രണങ്ങൾ മൂലം കാർഷികമേഖലയിൽ ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ച്

കഴിഞ്ഞ ജൂൺ മാസം ഞാൻ നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. അന്ന് വന്ന ഇന്ത്യ-മലേഷ്യ സാമ്പത്തിക സഹകരണ കരാറിനെത്തുടർന്ന് പുതിയതും റീട്രേഡ് ചെയ്തതുമായ ടയറുകൾക്കുള്ള തീരുവ 5 ശതമാനമായി കുറയ്ക്കുകയും ഇവിടെ അത്തരത്തിലുള്ള ഉല്പന്നങ്ങൾ മുഴുവൻ ഇറക്കുമതി ചെയ്യാനുള്ള അനുവാദം കൊടുക്കുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് ആ കാലഘട്ടത്തിൽ വലിയ വിലത്തകർച്ച ഉണ്ടാകുന്നതിന് ഇടയായി. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയും അതിന്റെ തുടർച്ചയായി നടപ്പാക്കുന്ന സാഹചര്യമുണ്ടായി. ഇന്ത്യയിൽ അധികമായി റബ്ബറുള്ളപ്പോൾ ഇത്തരത്തിൽ തുടർച്ചയായി ഇറക്കുമതി ചെയ്യുന്നത് ടയർ ലോബിയെ സഹായിക്കാനാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ പ്രതിഷേധം വേണ്ടതുപോലെ ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നുണ്ടോ എന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും അത് നമുക്ക് കഴിയാറില്ല. റബ്ബറിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നം സങ്കീർണ്ണമാകുന്നതും പുതിയ കരാറുകൾ വരുന്നതിനെത്തുടർന്നുണ്ടാകുന്ന പ്രശ്നവും, ഇന്ന് നിലനിൽക്കുന്ന ഈ രണ്ട് സാഹചര്യങ്ങളും കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി അവസാനിപ്പിക്കുന്ന വിധത്തിലുള്ള

ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം നമ്മുടെ ആഭ്യന്തര വിപണിയിലുള്ള പ്രശ്നങ്ങളും ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. ബഹുമാന്യനായ മാണിസാർ, ഇവിടെ അടിയന്തരപ്രമേയത്തിലൂടെ കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന കാർഷിക പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നു. ഗവൺമെന്റ് അക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് അന്ന് കൃഷി വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആഭ്യന്തര രംഗത്ത് കർഷകർക്ക് സംരക്ഷണമുണ്ടാകണമെന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞങ്ങൾ കൊണ്ടുവരുന്നത്. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് പദ്ധതി മുന്നോട്ടുകൊണ്ടുപോകുമെന്നുള്ള ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നതോടൊപ്പം 150 രൂപ വിലസ്ഥിരതാ ഫണ്ട് കൃത്യമായി റബ്ബർ കൃഷിക്കാർക്ക് കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. റബ്ബറിന്റെ കാർഷിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു ഉന്നതതലയോഗം ഗവൺമെന്റ് വിളിച്ചുകൂട്ടുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുനൽകിയതാണ്. അതിന് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കണം.

ശ്രീ. രാജു എബ്രഹാം: ആസിയാൻ കരാർ  ഒരു തെറ്റായിരുന്നുവെന്ന് അംഗീകരിക്കുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: ആസിയാൻ കരാറിന്റെ ദോഷവശങ്ങൾക്ക് കേരളാ കോൺഗ്രസ് പാർട്ടി അന്നും എതിരായിരുന്നു. ഞങ്ങൾ യു.ഡി.എഫ്.-ൽ നിൽക്കുന്ന സമയത്തും ആസിയാൻ കരാറിന്റെ ദോഷവശങ്ങൾക്കെതിരെ പ്രതികരിക്കാൻ, കർഷകർക്കുവേണ്ടി ശബ്ദമുയർത്താൻ തന്റേടം കാണിച്ചിട്ടുള്ള, നിലപാടെടുത്തിട്ടുള്ള രാഷ്ട്രീയപാർട്ടിയാണ്. അത് ഞങ്ങൾ തുറന്ന് പറഞ്ഞിട്ടുണ്ട്. ഞങ്ങൾ ഇപ്പോഴും ആ നിലപാടിൽതന്നെ നിൽക്കുന്നു.

അതോടൊപ്പം നാളികേര സംഭരണം നിലച്ചിരുന്നതിനെക്കുറിച്ച് സഭയിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അത് സംബന്ധിച്ച് പരിശോധിക്കുമെന്ന് ബഹുമാന്യനായ കൃഷിവകുപ്പുമന്ത്രി പറഞ്ഞു. ധാരാളം സ്ഥലങ്ങളിലും നാളികേര സംഭരണം നിലച്ചിരിക്കുകയാണ്. അത് അടിയന്തരമായി പുനരാരംഭിക്കാൻ മുഖ്യമന്ത്രിയുടെ ഇടപെടലുണ്ടാകണം. സംഭരിച്ച നാളികേരത്തിന്റെ വില കൊടുക്കാൻ കഴിയാത്ത പ്രശ്നം നിലനിൽക്കുകയാണ്. നാളികേര സംഭരണത്തിന് കുടിശ്ശിക വന്നിട്ടുള്ള തുക കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ടിട്ടുള്ള

പ്രശ്നങ്ങളിലും ഇതുപോലെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തരമായ ശ്രദ്ധയും ഇടപെടലുമുണ്ടാകേണ്ടതായിട്ടുണ്ട്.

ആർ.സി.ഇ.പി. കരാറിനെത്തുടർന്ന് കേരളത്തിലെ ക്ഷീരകർഷകർക്ക് വലിയ പ്രതിസന്ധി  ഉണ്ടാകാൻ പോകുകയാണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലുണ്ടാകുന്ന അപകടവും പ്രതിസന്ധിയും കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ആവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ കാർഷികമേഖല സംരക്ഷിക്കപ്പെടണം. കർഷകർക്കുണ്ടാകുന്ന ഗുരുതരമായ പ്രതിസന്ധിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കേരളം രാഷ്ട്രീയത്തിനതീതമായി യോജിച്ച മനസ്സോടെ നിന്ന് ഇക്കാര്യത്തിൽ നിലപാടെടുക്കണം. അതിന് ഗവൺമെന്റ് മുന്നോട്ടുവരണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാർഷികമേഖലയിലുള്ള ഒട്ടേറെ പ്രശ്നങ്ങളാണ്  ബഹുമാന്യനായ അംഗം ഉന്നയിച്ചിരിക്കുന്നത്. അതിൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് എന്ന സ്വതന്ത്ര വ്യാപാര

കരാറിന്റെ പ്രശ്നങ്ങൾ അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവുമൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇപ്പോൾ റബ്ബറിന്റെ താങ്ങുവില 150 രൂപയാണ്. 2015-16-ൽ പദ്ധതിക്കായി അനുവദിച്ച 300 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. 3.10.2016 വരെ 2,98,295 റബ്ബർ കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 2016 ജൂൺ 30-ന് അവസാനിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി രണ്ടാം ഘട്ടം 2016 ജൂലൈ ഒന്നുമുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത റബ്ബർ കർഷകർക്ക് രണ്ടാം ഘട്ടത്തിൽ രജിസ്റ്റർ ചെയ്യാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു.

നാളികേരവുമായി ബന്ധപ്പെട്ട പ്രശ്നം അദ്ദേഹം ഉന്നയിക്കുകയുണ്ടായി. നിലവിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 380 കൃഷിഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെയാണ് പച്ചനാളികേര സംഭരണപദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ സ്വയംസഹായ സംഘങ്ങൾ വഴി കൊപ്രയാക്കി മാറ്റി സൂക്ഷിക്കുവാനും അത് കേരഫെഡ്

സംസ്കരിച്ച് വെളിച്ചെണ്ണയാക്കുന്നതിനും നിലവിലുള്ള സംഭരണശേഷിയിലും ഉല്പാദനശേഷിയിലും കഴിയുന്നത്ര പച്ചത്തേങ്ങ സംഭരിക്കുന്നതിനും വെളിച്ചെണ്ണയാക്കുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്.

ഇവിടെ ആസിയാൻ കരാർ പ്രശ്നങ്ങൾ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആസിയാൻ കരാറിന്റെ അപകടാവസ്ഥ നമ്മുടെ സംസ്ഥാനത്തിന് ഏകീകരിച്ച രീതിയിൽ ബോദ്ധ്യപ്പെടാൻ കുറച്ചുനാളുകൾ എടുത്തു എന്നത് ഒരു വസ്തുതയാണ്. തെറ്റായ നിലപാടുകൾ കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം കരാറുകൾ നമ്മുടെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്നത്. ആസിയാൻ കരാറിന്റെ ഭാഗമായി കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ ഇനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. എന്നാൽ കേരളവുമായി അത് ചർച്ച ചെയ്തില്ല. പാർലമെന്റിൽപോലും ചർച്ച ചെയ്തില്ല. ആ ഘട്ടത്തിൽ കേട്ടത് മന്ത്രിസഭയിൽ പോലും ചർച്ച ചെയ്തില്ല എന്നാണ്. അങ്ങനെയൊരു കരാർ നടപ്പിലാകുന്ന രീതി കേന്ദ്രത്തിൽ നിലനിൽക്കുന്നുണ്ട്. അതിന്റെ ആപത്ത് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴാണ് ബഹുമാന്യനായ അംഗം

ചൂണ്ടിക്കാണിച്ച റീജിയണൽ കോംപ്രിഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് സ്വതന്ത്ര വ്യാപാരകരാറുമായി ബന്ധപ്പെട്ട് ചർച്ചകൾ തുടങ്ങിയത്. ചർച്ചകൾ പൂർത്തീകരിച്ച് കരാറിലേർപ്പെടണമെന്നാണ് ലാവോസിൽ നടന്ന 13-ാം വട്ട ചർച്ചയുടെ തീരുമാനം. എന്നാൽ കരാറിൽ ഏർപ്പെടാൻ പോകുന്നുവെന്നാണ് വ്യക്തമാകുന്നത്. അതിലുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ ഇറക്കുമതി തീരുവ ഇല്ലാതാക്കണമെന്നുള്ളതാണ്. ഇത് നമ്മുടെ സംസ്ഥാനത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കും. ഇന്ന് നിലവിലുള്ള എല്ലാ ഇറക്കുമതി തീരുവകളും പൂജ്യം ശതമാനമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ഫലമായി അതാണ് വരുന്നത്. അങ്ങനെവന്നാൽ നമ്മുടെ രാജ്യത്തിലെ കാർഷിക രംഗവും ഇവിടുത്തെ കൃഷിയെ ആശ്രയിച്ചുകഴിയുന്ന വ്യവസായ രംഗങ്ങളിലെല്ലാം ദോഷഫലങ്ങളുണ്ടാകുമെന്നത് വസ്തുതയാണ്. നമ്മുടെ പ്രാഥമിക മേഖലയായ കാർഷികമേഖലയുടെ തകർച്ച ഒരു തരത്തിലും രാജ്യത്തിന് ഗുണകരമാകില്ല. ആയതിനാൽ ഇപ്പോഴുള്ള ഇറക്കുമതി ചുങ്കങ്ങൾ ആർ.സി.ഇ.പി കരാറിൽ കുറയ്ക്കുന്നത് കേരളത്തിലെ താൽപ്പര്യത്തിന് പൂർണ്ണമായും എതിരാണ്. ഇക്കാര്യം ഈ പ്രശ്നം ഉയർന്നുവന്നഘട്ടത്തിൽ തന്നെ കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യ

വകുപ്പുമന്ത്രിയെ ധരിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് രേഖാമൂലം കത്തും നൽകിയിട്ടുണ്ട്. ആർ.സി.ഇ.പി. കരാർ പോലുള്ള വാണിജ്യകരാറിൽ ഏർപ്പെടുന്നതിനുമുമ്പ് സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായണമെന്ന അഭിപ്രായത്തിൽ തന്നെയാണ് സർക്കാർ ഉറച്ചുനിൽക്കുന്നത്. കേരളത്തിലെ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് ഇതിനകം തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഇനിയും ആവശ്യപ്പെടുന്നതാണ്. ഇത്തരം കാര്യങ്ങളിൽ കക്ഷിരാഷ്ട്രീയങ്ങൾക്ക് അതീതമായി കേരളത്തിനാകെ ഒന്നിച്ചുനിന്നുകൂടെ എന്ന് ബഹുമാന്യനായ അംഗം ഇവിടെ ചോദിച്ചു. അതാണ് നമ്മുടെ നാട്ടിൽ വേണ്ടത്. നമ്മുടെ നാടിന്റെയും കർഷകരുടെയും താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നാടാകെ ഒന്നിച്ചുനിൽക്കാൻ തയ്യാറാകണമെന്നുതന്നെയാണ് സർക്കാരിന്റെ സുചിന്തിതമായ അഭിപ്രായം.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ വളരെ പോസിറ്റീവായി ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി രാഷ്ട്രീയത്തിനതീതമായി യോജിച്ചുനിന്നുകൊണ്ട് ഇക്കാര്യത്തിൽ കേരളം

പ്രവർത്തിക്കേണ്ട ആവശ്യകതയിൽ ഗവൺമെന്റ് എടുക്കേണ്ട താൽപ്പര്യത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ആ നല്ല നിലപാട് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ നേതൃത്വത്തിൽ റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി അവസാനിപ്പിക്കുക എന്നുള്ളതാണ് ഇപ്പോൾ ചെയ്യേണ്ടത്. ഈ കരാർ നിലവിൽ വരാൻ പോകുന്നുവെന്ന് അങ്ങ് സൂചിപ്പിച്ചു. ആർ.സി.ഇ.പി. കരാർ വരാൻ പോകുകയാണ്. അതിനുമുമ്പുതന്നെ ഇവിടെ റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി നിർബാധം തുടരുകയാണ്. ഇതൊന്ന് അവസാനിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടൽ ഉണ്ടാകണം. അതോടൊപ്പം അങ്ങ് ചൂണ്ടിക്കാണിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യമുണ്ട്. കരാർ നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാനങ്ങളോട് ആലോചിക്കാൻ തയ്യാറാകാത്തത് കേന്ദ്രഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധമായ നിലപാടുകൾ മൂലമാണ്. അതുകൊണ്ട് കേരളത്തിന്റെ ഒരു ശക്തമായ നിലപാട് അറിയിക്കാനും പ്രതിഷേധമറിയിക്കാനും ചർച്ചയുടെ ആവശ്യകത ഉയർത്തിപ്പിടിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ കക്ഷിനേതാക്കന്മാർ

ചേർന്നുകൊണ്ട് കേരളത്തിന്റെ ശക്തമായ ഇടപെടലിന് അവസരമുണ്ടാക്കുന്ന വിധത്തിൽ ഒരു സർവ്വകക്ഷി സംഘം കാർഷിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയെ അടക്കം കാണാൻ കഴിയുന്ന വിധത്തിലുള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ; അങ്ങനെ ചെയ്താൽ ഏറ്റവും വലിയൊരു കാര്യമായി ഞങ്ങൾ അതിനെ കാണുകയാണ്. ഇറക്കുമതി അവസാനിപ്പിക്കുന്നതടക്കമുള്ള പ്രശ്നങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയണം. പ്രത്യേകിച്ച് റബ്ബറിന്റെയും പാമോയിലിന്റെയും ഇറക്കുമതി അവസാനിപ്പിക്കുക, ഈ കരാറിന്റെ ദൂഷ്യവശങ്ങൾ കേന്ദ്രഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുക എന്നീ കാര്യങ്ങൾക്കുവേണ്ടി മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ ഒരു സർവ്വകക്ഷിസംഘം കേന്ദ്രഗവൺമെന്റിൽ റെപ്രെസെന്റ് ചെയ്യാനുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കുമോ എന്നാണ് അറിയാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെമേൽ സമ്മർദ്ദം ചെലുത്തുക എന്നത് ഏറ്റവും ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണ്. അതിനുതകുന്ന ഏത് മാർഗ്ഗവും സ്വീകരിക്കാവുന്നതാണ്.